## പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 775 1.03.2017-ലെ മറുപടിക്ക്

### വിവിധ പദ്ധതികൾക്കായി ഡെവലപ്പ് ചെയ്ത സോഫ്റ്റ് വെയറുകൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കെ.വി.വിജയദാസ് | | ശ്രീ. എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി) | |
| (എ) | പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പിൽ 2011 -2016 കാലയളവിൽ വിവിധ പദ്ധതികൾക്കായി എത്ര സോഫ്റ്റ് വെയറുകൾ ഡെവലപ്പ് ചെയ്തിട്ടുണ്ട്; വിശദവിവരം നൽകുമോ; | (എ) | പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിൽ 2011-16 കാലയളവിൽ വിവിധ പദ്ധതികൾ ക്കായി 7 സോഫ്റ്റ് വെയറുകൾ ഡവലപ്പ് ചെയ്തിട്ടുണ്ട്.<br>(പട്ടികജാതി വികസന വകുപ്പ്-2 പട്ടികവർഗ്ഗ വികസന വകുപ്പ് -5)<br>1) ഭവന നിർമ്മാണ ധനസഹായം, ഭവന പുനരുദ്ധാരണ ധനസഹായം എന്നീ പദ്ധതികൾക്കായുള്ള ഇ -ഹൗസിംഗ് സോഫ്റ്റ് വെയർ.<br>2) 9, 10 ക്ലാസുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കുള്ള പ്രീമെട്രിക് സ്കോളർഷിപ്പ്, അപ്ഗ്രഡേഷൻ ഓഫ് മെരിറ്റ്, വൃത്തിഹീനതൊഴിലിലേർപ്പെട്ടിരിക്കുന്നവരുടെ കുട്ടികൾക്കുള്ള പ്രീമെട്രിക് സ്കോളർഷിപ്പ് എന്നീ സി.എസ്.എസ് പദ്ധതികൾക്കായി എൻ.ഐ.സി മുഖേന ഡെവലപ്പ് ചെയ്ത സോഫ്റ്റ് വെയർ,<br>3) ഇ -ഹൗസിംഗ് സോഫ്റ്റ് വെയർ,<br>4) 1 മുതൽ X വരെയുള്ള സ്കൂൾ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസാനുകൂല്യങ്ങൾ നൽകുന്നതിനുള്ള ഇ-ഡിസ്ട്രിക്ട് സോഫ്റ്റ് വെയർ,<br>5) പട്ടികവർഗ്ഗക്കാർക്കായുള്ള സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി SOAS സോഫ്റ്റ് വെയർ. |

| | | | |
|---|---|---|---|
| | | | 6) ജനനീ ജൻമരക്ഷാ പദ്ധതി നടപ്പിലാക്കുന്നതിനായി ജനനീ ജൻമരക്ഷാ സോഫ്റ്റ് വെയർ<br>7) എം.ആർ. എസുകളുടെ പ്രവർത്തനം മോണിറ്റർ ചെയ്യുന്നതിനായി SOAS സോഫ്റ്റ് വെയർ |
| (ബി) | ഓരോ സോഫ്റ്റ് വെയറിനും ചെലവായ തുക എത്രയെന്നും പ്രസ്തുത സോഫ്റ്റ് വെയറുകളുടെ ഹാർഡ് കോപ്പികൾ ലഭ്യമാണോയെന്നും എങ്കിൽ ആയത് ലഭിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കേണ്ടതെന്നും വ്യക്തമാക്കുമോ; | (ബി) | പട്ടികജാതി വികസന വകുപ്പ്<br>എ) ഭവന നിർമ്മാണ ധനസഹായ പദ്ധതിയുടെ സോഫ്റ്റ് വെയർ: 14,17,293/-രൂപ, ഹാർഡ് കോപ്പി ലഭ്യമാണ്.<br>ബി) IX, X ക്ലാസുകളിലെ കുട്ടികൾക്കുള്ള സ്കോളർഷിപ്പ് വിതരണത്തിനായി എൻ.ഐ.സി ലഭ്യമാക്കിയ ഫ്രീ സോഫ്റ്റ് വെയറിന് തുടർന്നുള്ള സൈറ്റ് അഡ്മിനിസ്ട്രേഷൻ . അപ്ഗ്രഡേഷൻ ഓഫ് മെറിറ്റ്. വൃത്തിഹീന തൊഴിൽ സ്കീമുകൾക്കുള്ള സൈറ്റ് തയ്യാറാക്കൽ, മാൻപവ്വർ സപ്പോർട്ടിനുള്ള ചെലവ് എന്നിവയ്ക്കായി 1,32,805/- രൂപ . ഇതിന്റെ ഹാർഡ് കോപ്പി ലഭ്യമല്ല.<br>പട്ടികവർഗ്ഗ വികസന വകുപ്പ്<br>എ) ഇ -ഹൗസിംഗ് സോഫ്റ്റ് വെയറിന് 6,98,317/- രൂപ. ഇതു സംബന്ധിച്ച ഹാർഡ് കോപ്പി ലഭ്യമാണ്.<br>ബി) ഇ-ഡിസ്ട്രിക്ട് സോഫ്റ്റ് വെയർ, എൻ.ഐ.സി മുഖേന സൗജന്യമായി വികസിപ്പിച്ചതാണ്. ഇതിന്റെ ഹാർഡ് കോപ്പി ലഭ്യമല്ല.<br>സി) സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി, എം.ആർ. എസുകൾ എന്നിവയ്ക്കായുള്ള SOAS സോഫ്റ്റ് വെയറുകൾക്കായി 20,00,000/-രൂപ . ഇത് പൂർണമായും പ്രവർത്തനക്ഷമമാകാത്തതിനാൽ ഹാർഡ് കോപ്പി ലഭ്യമല്ല.<br>ഡി) ജനനീ ജൻമരക്ഷാ പദ്ധതിക്കുള്ള സോഫ്റ്റ് വെയർ 1,43,000/-രൂപ . ഇതിന്റെ ഹാർഡ് കോപ്പി ലഭ്യമാണ്. |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത സോഫ്റ്റ് വെയറുകൾ ഡെവലപ്പ് ചെയ്തതിലൂടെ വകുപ്പിനുണ്ടായ നേട്ടങ്ങളുടെ വിശദാംശങ്ങൾ നൽകുമോ? | (സി) | അനുബന്ധമായി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

## പട്ടികജാതി വികസന വകുപ്പ്

1. **ഇ-ഹൗസിംഗ് സോഫ്റ്റ് വെയർ:**

സംസ്ഥാനത്തൊട്ടാകെയുള്ള ഭവന നിർമ്മാണ ധനസഹായ പദ്ധതിയുടെയും ഭവനപുനരുദ്ധാരണ പദ്ധതിയുടെയും കാര്യക്ഷമമായ നടത്തിപ്പ് സാധിക്കുന്നുണ്ട്. 2007-08 മുതലുള്ള വിവരങ്ങൾ സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പദ്ധതിയുടെ പുരോഗതി വിവരം കൃത്യമായി അവലോകനം ചെയ്യാനും, ഗുണഭോക്താക്കൾക്ക് യഥാസമയം തുക നൽകുന്നതിനും സാധിക്കുന്നുണ്ട്.

2. ഡി.ബി.റ്റി.എസ്.മുഖേന വിദ്യാർത്ഥികളുടെ അക്കൗണ്ടിലേയ്ക്ക് നേരിട്ട് തുക ക്രെഡിറ്റ് ചെയ്യാനും ആനുകൂല്യ വിതരണം സുതാര്യമായി വേഗത്തിലാക്കാനും സാധിച്ചിട്ടുണ്ട്.

## പട്ടികവർഗ്ഗവികസന വകുപ്പ്

1. ഇ-ഹൗസിംഗ് സോഫ്റ്റ് വെയർ:

ഭവന നിർമ്മാണ പദ്ധതിയിൽ ഗുണഭോക്താക്കൾക്കുള്ള ധനസഹായ വിതരണം കൂടുതൽ സുതാര്യമായും, കാര്യക്ഷമമായും കേന്ദ്രീകൃതാടിസ്ഥാനത്തിൽ പുരോഗതി വിലയിരുത്തുന്നതിനും സാധിക്കുന്നു.

2. E-District സോഫ്റ്റ് വെയർ:

1 മുതൽ 10 വരെയുള്ള സ്കൂൾ വിദ്യാർത്ഥികളുടെ ലംപ്സംഗ്രാന്റ്, സ്റ്റൈപന്റ് എന്നിവ രക്ഷിതാക്കളുടെ വിലാസത്തിൽ മണിഓർഡറായി ലഭ്യമാക്കുന്നതിനായിട്ടാണ് ഈ സോഫ്റ്റ് വെയർ വികസിപ്പിച്ചിട്ടുള്ളത്.

3. സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി സോഫ്റ്റ് വെയർ:

പട്ടികവർഗ്ഗക്കാർക്കായുള്ള സമഗ്ര ആരോഗ്യ സുരക്ഷാപദ്ധതി കൂടുതൽ വേഗത്തിലാക്കി സർക്കാർ ആശുപത്രി അധികാരികളുടെ അക്കൗണ്ടിലേയ്ക്ക് തുക വിതരണം നടത്തുന്നതിനും വ്യക്തിഗത ആരോഗ്യപ്രശ്നങ്ങളും, മരുന്നുകളുടെ ഉപയോഗം സംബന്ധിച്ച കേന്ദ്രീകൃത മോണിറ്ററിംഗ് സംവിധാനം നടപ്പിലാക്കുന്നതിനുമായിട്ടാണ് വികസിപ്പിച്ചിട്ടുള്ളത്.

4. ജനനീ ജന്മരക്ഷാ സോഫ്റ്റ് വെയർ:

ഗർഭിണികളായ പട്ടികവർഗ്ഗക്കാർക്ക് പ്രതിമാസം നൽകുന്ന തുക കൃത്യമായി ഗുണ ഭോക്താക്കളുടെ കൈകളിൽ മണി ഓർഡറായി എത്തിക്കുന്നത് സംബന്ധിച്ച് കേന്ദ്രീകൃത മോണിറ്ററിംഗ് സംവിധാനം നടപ്പിലാക്കുന്നതിനായിട്ടാണ് ഈ സോഫ്റ്റ് വെയർ വികസിപ്പിച്ചിട്ടുള്ളത്.

5. എം.ആർ.എസ് സോഫ്റ്റ് വെയർ.

എം.ആർ.എസുകളുടെ പ്രവർത്തനപുരോഗതി കേന്ദ്രീകൃതമായി വിലയിരുത്തുന്നതിനായി വികസിപ്പിച്ച ഇത് പൂർണ്ണമായും പ്രവർത്തനക്ഷമമായിട്ടില്ല പ്രവർത്തനക്ഷമമാകുന്നമുറയ്ക്ക് പദ്ധതികൾക്കായുള്ള ധനസഹായ വിതരണം സുതാര്യ മായും, വേഗത്തിലും നടത്തുന്നതിനും കേന്ദ്രീകൃത മോണിറ്ററിംഗ് നടത്തുന്നതിനും കഴിയുന്നതാണ്.

സെക്ഷൻ ഓഫീസർ